**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5350** **21-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ പെട്രോൾ പമ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ കെ.എസ്.ആർ.ടി.സി. നിയന്ത്രണത്തിലുള്ള പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ പമ്പുകളിലാണ് പ്രസ്തുത സേവനം ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ആദ്യഘട്ടത്തിൽ തിരുവനന്തപുരം സിറ്റി, കിളിമാനൂർ, ചടയമംഗലം, ചേർത്തല, മൂന്നാർ, ചാലക്കുടി, മൂവാറ്റുപുഴ, കോഴിക്കോട് എന്നീ ഡിപ്പോകളിലാണ് പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ കെ.എസ്.ആർ.ടി.സി. നിയന്ത്രണത്തിലുള്ള യാത്രാ ഫ്യൂവൽ റീട്ടയിൽ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുള്ളത്. കിളിമാനൂർ ഒഴികെയുള്ള ഔട്ട്ലെറ്റുകളിൽ നിന്ന് പെട്രോളും ഡീസലും വിതരണം ചെയ്തു വരുന്നു. കിളിമാനൂർ ഔട്ട്ലെറ്റിൽ നിന്നും പെട്രോൾ മാത്രമാണ് നിലവിൽ വിതരണം ചെയ്യുന്നത്. |
| (സി) | എല്ലാ ജില്ലകളിലും ഇത്തരം പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ